# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 മാർച്ച് 22

## വാർത്താക്കുറിപ്പ്

**കൊറോണ പ്രതിരോധം**

## എം.ജി.യിൽ കർശന സന്ദർശക നിയന്ത്രണം

**- കാഷ് കൗണ്ടർ താൽക്കാലികമായി നിർത്തിവച്ചു**

**- സന്ദർശക വാഹനങ്ങൾക്കും നിയന്ത്രണം**

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി വൈസ്ചാൻസലർ അറിയിച്ചു. കാഷ് കൗണ്ടറിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചു. പരീക്ഷ, അക്കാദമിക, ഫിനാൻസ് വിഭാഗങ്ങളിൽ കർശന സന്ദർശക നിയന്ത്രണം ഏർപ്പെടുത്തി. സന്ദർശകരെത്തുന്ന വാഹനങ്ങൾ കാമ്പസിനുള്ളിൽ പ്രവേശിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി. ഫീസുകൾ സർവകലാശാല ഇ-പെയ്മെന്റ് പോർട്ടൽ വഴി അടച്ചശേഷം ലഭിക്കുന്ന ഇ-ചെലാൻ സഹിതം അപേക്ഷകൾ തപാൽ മുഖേന അയച്ചാൽ മതി. സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല.

ജീവനക്കാർ നിർബന്ധമായും കൈകഴുകി അണുവിമുക്തമാക്കിയിട്ടേ ഓഫീസുകളിൽ പ്രവേശിക്കാവൂ. എൻക്വയറി, ഭരണവിഭാഗം, പരീക്ഷ ഭവൻ എന്നിവിടങ്ങളിൽ ഇതിനായി പ്രത്യേക കിയോസ്കുകൾ തുറന്നിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്ക് ഇ-മെയിൽ മുഖേനയും സർവകലാശാലയുടെ അന്വേഷണവിഭാഗം, പരീക്ഷ ഹെൽപ് ഡെസ്ക് ഫോൺനമ്പരുകൾ മുഖേനയും ബന്ധപ്പെടണമെന്നും പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന നിയന്ത്രണങ്ങളോട് സഹകരിക്കണമെന്നും അദ്ദേഹം അറിയിച്ചു.

(പി.ആർ.ഒ/39/445/2020)

## എം.ഫിൽ പ്രവേശനം മാറ്റി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഇന്ന്(മാർച്ച് 23) നടത്താനിരുന്ന എം.ഫിൽ പ്രവേശനം മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/446/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ